# ജി.എച്ച്.എസ്.എസ്.ചാലിശ്ശേരി

പാലക്കാട്

## ലിറ്റിൽ കൈറ്റ്സ്

### പ്രവർത്തന റിപ്പോർട്ട് 2025-26

**ആമുഖം**

സാങ്കേതികവിദ്യയുടെ ലോകത്ത് വിസ്മയങ്ങൾ തീർത്ത ഒരു അധ്യയന വർഷമായിരുന്നു ജി.എച്ച്.എസ്.എസ്.ചാലിശ്ശേരിയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്

വിവരവിനിമയ സാങ്കേതികവിദ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ വളർച്ചയും ഇന്റർനെറ്റിന്റെ വ്യാപനവും മനുഷ്യരുടെ സാമൂഹികവ്യാപാരമണ്ഡലത്തിൽ ഒരു ഡിജിറ്റൽ ഇടം കൂടി സാധ്യമാക്കിയിരിക്കുന്നു. ഈ പുതിയ സാമൂഹികമണ്ഡലത്തിൽ സമർത്ഥമായി ഇടപെടാനും ക്രിയാത്മകമായി പ്രവർത്തിക്കാനും ഓരോവിദ്യാർഥിയും പ്രാപ്തിനേടേണ്ടതുണ്ട്.

ലിറ്റിൽകൈറ്റ്സ്പ്രവർത്തനങ്ങൾ ഇത്തരം കാര്യങ്ങൾകൂടി മുന്നിൽകണ്ടാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. മലയാളം കമ്പ്യൂട്ടിംഗ്, ഡി.ടി.പി., മീഡിയ ഡോക്യുമെന്റേഷൻ, ഗ്രാഫിക് ഡിസൈനിംഗ്, ആനിമേഷൻ , പ്രോഗ്രാമിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് , റോബോട്ടിക്സ് എന്നിങ്ങനെ വൈവിധ്യപൂർണ്ണമായ പരിശീലന മേഖലകളിലൂടെ കടന്നു പോകാൻ ഒരോ ലിറ്റിൽകൈറ്റംഗത്തിനും അവസരമുണ്ട്

## ജൂൺ

### ജൂൺ 5: പരിസ്ഥിതി ദിനം



ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിന പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകി.

### ജൂൺ 23 അഭിരുചി പരീക്ഷാ മുന്നൊരുക്കം



കൈറ്റ്സ് അഭിരുചി പരീക്ഷയുടെ മുന്നോടിയായി കുട്ടികൾക്കായി മോഡൽ പരീക്ഷ പരിചയപ്പെടുത്തി നിയ പ്രബിൻ, ജനിഷ്ക രാജൻ എന്നിവർ ഇതിന് നേതൃത്വം നൽകി.

### ജൂൺ 25

### ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ



ലിറ്റിൽ കൈറ്റ്സ് 2025- 2028 ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷ നടന്നു. ഏകദേശം 200 പരം കുട്ടികൾ പരീക്ഷ എഴുതി . പരീക്ഷയുടെ ഡോകുമെന്റേഷൻ ലിറ്റിൽ കൈറ്റ്സ് സീനിയർ വിദ്യാർത്ഥികൾ നടത്തി

## ആഗസ്റ്റ്

### ഓഗസ്റ്റ് 15
### നൃത്തം ചെയ്യുന്ന ഇന്ത്യൻ പതാക



സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി മുഹമ്മദ് യാസിന്റെ നേതൃത്വത്തിൽ 4 കുട്ടികൾ ചേർന്ന് റോബോട്ടിക്സ് ഉപയോഗിച്ച് നിർമ്മിച്ച **'നൃത്തം ചെയ്യുന്ന ഇന്ത്യൻ പതാക'** പ്രദർശിപ്പിച്ചു. ഇത് സ്കൂളിൽ വലിയ ശ്രദ്ധ നേടി.

## ജൂലൈ

### ജൂലൈ 14
### രക്ഷിതാക്കളുടെ യോഗം



2025-2028 ബാച്ചിലെ പുതിയ കുട്ടികളെ തിരഞ്ഞെടുക്കുകയും, എച്ച്.എം, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ സാന്നിധ്യത്തിൽ രക്ഷിതാക്കളുടെ യോഗം വിളിച്ചു ചേർക്കുകയും ചെയ്തു.

## സെപ്റ്റംബർ

### പ്രിലിമിനറി ക്യാമ്പ്





ലിറ്റിൽ കൈറ്റ്സ് 2025- 2028 ലെ കുട്ടികളുടെ preliminary camp MTമാരായ രാജീവ് സർ ക്രിസ്റ്റിസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നു

അനിമേഷൻ പ്രോഗ്രാമിങ്ങ് റോബോട്ടിക്സ് മേഖലയിൽ കൂടുതൽ പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ഒരു camp ആയിരുന്നു. തുടർന്ന് രക്ഷിതാക്കളുടെ ഒരു മീറ്റിങ്ങും നടത്തി

### ഫ്രീഡം സോഫ്റ്റവയർ





ഫ്രീഡം സോഫ്റ്റവയർ വാരാചരണത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് 8 ലെ കുട്ടികൾ ഓരോ ക്ലാസുകളിലും freedom software പരിചയപ്പെടുത്തുകയും പ്രതിജ്ഞ ചൊല്ലികൊടുക്കുകയും ചെയ്തു

### ഫ്രീഡം സോഫ്റ്റ് വെയർ എക്സ്പോ





ഫ്രിഡം സോഫ്റ്റ് വയർ വാരാചരണത്തിന്റെ ഭാഗമായി ലിറ്റിൽകൈറ്റ്സ് 10 ലെ കുട്ടികൾ Aurdinu യിൽ തയ്യാറാക്കിയ വിവിധ തരം പ്രോഡക്ടുകൾ 5 മുതൽ 7 വരെ ഉള്ള കുട്ടികൾക്ക് പരിചയപ്പെടുത്തിയത് വളരെയധികം ശ്രദ്ധേയമായി

## ഗ്യാസ് ഡിറ്റക്ടർ

വീടുകളിലോ ഇൻഡസ്ട്രികളിലോ ഉണ്ടാകുന്ന എൽ.പി.ജി (LPG), മീഥേൻ, ബ്യൂട്ടെയ്ൻ തുടങ്ങിയ വാതകങ്ങളുടെ ചോർച്ച സെൻസർ ഉപയോഗിച്ച് ഈ ഉപകരണം കണ്ടെത്തുന്നു. ഗ്യാസിന്റെ സാന്നിധ്യം അന്തരീക്ഷത്തിൽ കൂടിയാൽ ഉടൻ തന്നെ ഇത് അലാറം മുഴക്കുകയും ആളുകൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

## സ്മാർട്ട് ബ്ലൈൻഡ് സ്റ്റിക്ക്

അൾട്രാസോണിക് സെൻസർ ഉപയോഗിച്ച് മുന്നിലുള്ള തടസ്സങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ ഈ സ്റ്റിക് സഹായിക്കുന്നു. ഒരു നിശ്ചിത ദൂരത്തിനുള്ളിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ, സെൻസർ അത് കണ്ടെത്തുകയും ആർഡ്വിനോ (Arduino) വഴി ബസർ (Buzzer) പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ശബ്ദം കേൾക്കുന്നതിലൂടെ മുന്നിൽ തടസ്സമുണ്ടെന്ന് മനസ്സിലാക്കാൻ കാഴ്ചപരിമിതിയുള്ളവർക്ക് സാധിക്കുന്നു.

## റെയിൻ സെൻസർ മോഡ്യൂൾ

റെയിൻ സെൻസർ മോഡ്യൂൾ ഉപയോഗിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. സെൻസറിൽ വെള്ളം സ്പർശിക്കുമ്പോൾ അത് ആർഡ്വിനോയിലേക്ക് സിഗ്നൽ നൽകുകയും, ആർഡ്വിനോ ബസർ പ്രവർത്തിപ്പിച്ച് ശബ്ദം ഉണ്ടാക്കുകയും ചെയ്യുന്നു. തുണികൾ ഉണങ്ങാൻ ഇടുമ്പോൾ മഴ വന്നാൽ വേഗത്തിൽ മാറ്റാൻ സഹായിക്കുന്നു.

## ഓട്ടോമാറ്റിക് വാട്ടർ ടാപ്പ്

അൾട്രാസോണിക് സെൻസർ ഉപയോഗിച്ച് ടാപ്പിന് താഴെ കൈകൾ ഉണ്ടോ എന്ന് ഈ ഉപകരണം പരിശോധിക്കുന്നു. കൈകൾ ഉണ്ടെന്ന് കണ്ടാൽ ആർഡ്വിനോ സർവോ മോട്ടറിനെ പ്രവർത്തിപ്പിക്കുകയും മോട്ടർ ടാപ്പ് തുറക്കുകയും ചെയ്യുന്നു. കൈകൾ മാറ്റിയാൽ മോട്ടർ തിരികെ വന്ന് ടാപ്പ് അടയ്ക്കുന്നു.

## ഫ്ലെയിം ഡിറ്റക്ടർ

തീജ്വാലകളിൽ നിന്നുള്ള ഇൻഫ്രാറെഡ് (Infrared) കിരണങ്ങളെ തിരിച്ചറിയാൻ കഴിയുന്ന ഒരു സെൻസറാണ് ഇതിൽ ഉപയോഗിക്കുന്നത്. ഒരു നിശ്ചിത ദൂരത്തിനുള്ളിൽ തീ കണ്ടുപിടിച്ചാൽ ഉടൻ തന്നെ ആർഡ്വിനോ വഴി ബസർ ശബ്ദിക്കുകയും എൽ.ഇ.ഡി (LED) പ്രകാശിക്കുകയും ചെയ്യുന്നു. വീടുകളിലും ഫാക്ടറികളിലും തീപിടുത്തം തടയാൻ ഇത് വളരെ ഫലപ്രദമാണ്.

## ഡിസംബർ

### പ്രസാദം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ'



ഭിന്നശേഷി വാരാചരണത്തിന്റെ ഭാഗമായി ഡിസംബർ 8-ന് തിരുമിറ്റക്കോട് പഞ്ചായത്തിലെ 'പ്രസാദം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ' കുട്ടികൾ സന്ദർശിച്ചു. അവിടെ സംഗീതം, ഗെയിം പ്രോഗ്രാമിങ്, റോബോട്ടിക്സ് എന്നിവ ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് പരിചയപ്പെടുത്തി നൽകി.

## ഒക്ടോബർ

### സ്കൂൾ തല ക്യാമ്പ്



പെരിങ്ങോട് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് മെന്റർ ദീപ ടീച്ചറുടെ നേതൃത്വത്തിൽ ഒൻപതാം ക്ലാസ് കുട്ടികൾക്കായി ക്യാമ്പ് നടത്തി. ഇതിൽ നിന്ന് മികച്ച 8 കുട്ടികളെ ഉപജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുത്തു.

## ജനുവരി

### മൊബൈൽ ഫോൺ- ഗുണങ്ങളും ദോഷങ്ങളും



രക്ഷിതാക്കൾക്കായി **മൊബൈൽ ഫോണിന്റെ ഗുണങ്ങളും ദോഷങ്ങളും** എന്ന വിഷയത്തിൽ ലിറ്റിൽ കൈറ്റ്സ് 10 ലെ കുട്ടികൾ ബോധവത്കരണ ക്ലാസുകൾ നടത്തി. കൂടാതെ സൈബർ സുരക്ഷ എന്ന വിഷയത്തിലും ഒരു ബോധവൽകരണ ക്ലാസ് സംഘടിപ്പിച്ചു

### റോബോട്ടിക്സ് പരിശീലനം



ലിറ്റിൽ കൈറ്റ്സ് 10 ലെ കുട്ടികൾ 10 ലെ ICT പാഠഭാഗമായ റോബോട്ടിക്സിന്റെ പരിശീലനം മറ്റുള്ള കുട്ടികൾക്ക നല്കി. ഘട്ടം ഘട്ടമായി ഓരോ class നേയും പ്രത്യേകം പരിശീലനം നൽകാൻ സാധിച്ചു LK മാസ്റ്റർ ട്രെയിനർ ആയ രാജീവ് സർ ടെയിനിങ്ങ് നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സാധിച്ചു

## ഫെബ്രുവരി

### സർവ്വം AI മയം



രക്ഷിതാകൾക്ക് നിർമ്മിത ബുദ്ധി ഉപയോഗിച്ച് ലഭിക്കേണ്ട എല്ലാ സാധ്യതയേയും കുറിച്ച് ലിറ്റിൽ കൈറ്റ്സ് 9 ലെ കുട്ടികൾ വിശദമായി തന്നെ അവതരിപ്പിച്ചത് രക്ഷിതാക്കൾക്ക് AI നെ കുറിച്ച് കൂടുതൽ മനസിലാക്കാൻ സഹായിച്ചു

## നേട്ടങ്ങൾ

### തൃത്താല ഉപജില്ലയിൽ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള അംഗീകാരം

2025–26 വർഷത്തേക്കുള്ള ലിറ്റിൽ കൈറ്റ്സ് അവാർഡ് പ്രഖ്യാപിച്ചപ്പോൾ തൃത്താല ഉപജില്ലയിലെ മികച്ച യൂണിറ്റായി ചാലിശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. ഉപജില്ല തലത്തിൽ അംഗീകാരമായി പ്രശസ്തിപത്രം ലഭിക്കും.

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികൾക്ക് റോബോട്ടിക്സ്, സംഗീതം, ഡ്രോയിംഗ് തുടങ്ങിയ മേഖലകൾ പരിചയപ്പെടുത്തി അവരെയും സാങ്കേതിക ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയ പ്രവർത്തനങ്ങളും ഈ നേട്ടത്തിന് മാറ്റുകൂട്ടി.

രക്ഷിതാക്കൾക്കായി സൈബർ സുരക്ഷാ ക്ലാസുകളും നിർമിത ബുദ്ധി (AI) അവബോധ ക്ലാസുകളും സംഘടിപ്പിച്ചതിലൂടെ സാമൂഹിക പ്രസക്തിയുള്ള പ്രവർത്തനങ്ങൾക്കും യൂണിറ്റ് പ്രത്യേക ശ്രദ്ധ നൽകി.

ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ സന്തോഷ്, സ്മിത എന്നിവരുടെ നേതൃത്വത്തിലാണ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്നത്.

മെയ് മാസത്തിൽ സംസ്ഥാന തലത്തിൽ നടക്കുന്ന ക്യാമ്പിൽ പുരസ്കാരം ലഭിക്കും

### ഹരിതവിദ്യാലയം സീസൺ 4



കൈറ്റും വിക്ടേഴ്സ് ചാനലും സംയുക്തമായി നടത്തിയ ഹരിതവിദ്യാലയം മത്സരത്തിൽ സംസ്ഥാനത്തെ മികച്ച 40 സ്കൂളുകളിൽ ഒന്നായി ചാലിശ്ശേരി സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. ഇതിന്റെ ഫ്ലോർ ഷൂട്ടിംഗ് ജനുവരി 9-ന് നടന്നു.

### എന്റെ സ്കൂൾ എന്റെ അഭിമാനം



കൈറ്റ് നടത്തിയ എന്റെ സ്കൂൾ എന്റെ അഭിമാനം റീൽസ് മത്സരത്തിൽ സംസ്ഥാനതലത്തിൽ അംഗീകാരം നേടാനായത് സ്കൂളിന് ലഭിച്ച വലിയൊരു നേട്ടമാണ്